# യോഹന്നാന്റെ ജീവപഠനം

## ദൂത് നാല്പത്തിരണ്ട്

## വർദ്ധനവിനായി പ്രക്രിയാവിധേയമായ ജീവൻ

## (1)

Mon കർത്താവിനെ ഒറ്റിക്കൊടുത്തതിനെയും അവന്റെ ന്യായവിധിയെയും ക്രൂശ്മരണത്തെയും അടക്കത്തെയും കുറിച്ച് യോഹന്നാൻ 18-ഉം 19-ഉം നമ്മോട് പറയുന്നു. നാലു സുവിശേഷങ്ങളിലുമുള്ള കർത്താവായ യേശുവിന്റെ ക്രൂശ്മരണത്തിന്റെ വിവരണം വായിച്ചാൽ മത്തായി, മാർക്കൊസ്, ലൂക്കൊസ് എന്നീ ആദ്യത്തെ മൂന്ന് സുവിശേഷങ്ങളും ഒരേ രീതിയിലുള്ള രേഖയാണെന്ന് നാം കണ്ടെത്തും. എന്നാൽ യോഹന്നാന്റെ, സുവിശേഷത്തിലെ രേഖ തികച്ചും വ്യത്യസ്തമാണ്. ഉദാഹരണത്തിന്, ആദ്യത്തെ മൂന്ന് സുവിശേഷങ്ങളിലും കർത്താവിന്റെ ക്രൂശ്മരണത്തോടും ക്രൂശിന്മേലുള്ള മരണത്തോടും അനുബന്ധിച്ച് പല അടയാളങ്ങളുണ്ട്. ഉദാഹരണമായി, ആകാശം ഇരുണ്ടു, മന്ദിരത്തിലെ തിരശ്ശീല മേൽതൊട്ട് അടിയോളം രണ്ടായി ചീന്തിപ്പോയി(മത്താ.27:45-51) എന്നിവ.“എന്റെ ദൈവമേ, എന്റെ ദൈവമേ നീ എന്നെ കൈവിട്ടത് എന്ത്?”എന്ന ക്രൂശിൽനിന്നുള്ള കർത്താവിന്റെ ഉറക്കെയുള്ള നിലവിളിയും യോഹന്നാന്റെ സുവിശേഷത്തിൽ കാണാത്തതും ഈ സുവിശേഷങ്ങളിൽ കാണുന്നതുമായ മറ്റൊരടയാളമാണ്. എന്നാലും, പടയാളികൾ കർത്താവിനെ പരിഹസിക്കുന്നതും(19:2-3) കർത്താവിന്റെ വിലാപ്പുറത്തുനിന്ന് രക്തവും വെള്ളവും പുറപ്പെട്ടതും(19:34) ആയ, ആദ്യ മൂന്നു സുവിശേഷങ്ങളിൽ കാണുവാൻ സാധിക്കാത്തവ യോഹന്നാന്റെ വിവരണത്തിൽ ഉണ്ട്. അതുകൊണ്ട് ഈ വിവരണങ്ങൾ രണ്ടു വ്യത്യസ്ത രേഖയിലാണ്. ഈ രേഖകളുടെ പുറകിലുള്ള ഉദ്ദേശ്യം നാം അറിഞ്ഞിരിക്കണം.

മത്തായി, മർക്കൊസ്, ലൂക്കൊസ് എന്നിവ അനുസരിച്ച് കർത്താവിന്റെ മരണത്തിന്റെ മുഖ്യ ഉദ്ദേശ്യം നമ്മെ വീണ്ടെടുക്കുക എന്നതായിരുന്നു. വീണ്ടെടുപ്പിന്റെ പ്രവൃത്തി നിർവ്വഹിക്കുവാൻ നമുക്കും നമ്മുടെ പാപങ്ങൾക്കും വേണ്ടി അവൻ മരിച്ചു."എന്റെ ദൈവമേ, എന്റെ ദൈവമേ നീ എന്നെ കൈവിട്ടത് എന്ത്?"എന്ന് കർത്താവ് ഉറക്കെ നിലവിളിച്ചു, കാരണം അതേ നിമിഷത്തിലായിരുന്നു ദൈവം നമ്മുടെ പാപങ്ങളെല്ലാം അവന്റെ മേൽ ഇട്ടത്; കർത്താവ് നമുക്കു പകരം നമ്മുടെ പാപങ്ങൾ വഹിക്കുവാൻ ഒരു പാപി ആയിത്തീർന്നുകൊണ്ട് പാപവാഹകൻ ആയത്. അതുകൊണ്ട് ദൈവം അവനെ കൈവിട്ടു. കർത്താവ് നമ്മുടെ പാപങ്ങളിൽനിന്ന് നമ്മെ വീണ്ടെടുക്കുവാൻ വീണ്ടെടുപ്പുകാരനായിരുന്നു എന്നാണ് ലൂക്കൊസ് പ്രത്യേകമായി രേഖപ്പെടുത്തുന്നത്. കാരണം, ഒരാൾ രക്ഷിക്കപ്പെടുകയും ഒരാൾ നശിച്ചുപോവുകയും ചെയ്ത രണ്ട് പാപികളോടൊപ്പം, രണ്ട് കള്ളന്മാരോടൊപ്പം കർത്താവ് മരിച്ചുവെന്ന് അവൻ പറയുന്നു(ലൂക്കൊ.23:32,39-43). അങ്ങനെയൊരു രേഖ യോഹന്നാന്റെ സുവിശേഷത്തിൽ കാണുവാൻ കഴിയുകയില്ല. പിന്നെ എന്തായിരുന്നു യോഹന്നാന്റെ വിവരണത്തിന്റെ ഉദ്ദേശ്യം? യോഹന്നാന്റെ സുവിശേഷം ജീവന്റെ സുവിശേഷമായതുകൊണ്ട്, ക്രിസ്തുവിന്റെ മരണത്തെക്കുറിച്ചുള്ള അവന്റെ വിവരണം ജീവമാർഗ്ഗം പിന്തുടരുന്നു. നമ്മുടെ ജീവൻ എന്ന നിലയിൽ ദൈവത്തിന്റെ ആവിഷ്കാരമാണ് കർത്താവായ യേശു എന്നും, അവനെത്തന്നെ ജീവനായി നമ്മിലേക്ക് പകരുവാനായി അവൻ ക്രൂശിൽ മരിച്ചുവെന്നും കാണിക്കുകയായിരുന്നു യോഹന്നാന്റെ ഉദ്ദേശ്യം. തന്റെ ദിവ്യജീവൻ നമ്മിലേക്ക് പകരുന്നതിനായിരുന്നു അവന്റെ ക്രൂശ്മരണം.

ഈ ഘട്ടത്തിൽ യോഹന്നാന്റെ സുവിശേഷം മുഴുവൻ നാം അവലോകനം ചെയ്യേണ്ടത് ആവശ്യമാണ്. കർത്താവായ യേശു നമ്മുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റുന്നതിന് ജീവനായി, ദൈവത്തിന്റെ ആവിഷ്കാരമായി, വന്നുവെന്നും, അവന് നമ്മിലേക്ക് വന്ന്, നമ്മെ ദൈവത്തിലേക്കും, ദൈവത്തെ നമ്മിലേക്കും കൊണ്ടുവന്ന്, ദൈവത്തെയും നമ്മെയും ഒരു പരസ്പരനിവാസം ആക്കുവാനായി അവന് മരിക്കേണ്ടതായും പുനരുത്ഥാനം ചെയ്യേണ്ടതായും ആത്മാവ് എന്ന മറ്റൊരു രൂപമായി കായാന്തപ്പെടേണ്ടതായും വന്നുവെന്നും, പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ ലേഖകൻ ഈ പുസ്തകത്തിൽ സൂചിപ്പിക്കുന്നു. യോഹന്നാൻ 17-ൽ ദൈവത്തിൽനിന്നു ജനിച്ച, പിതാവിന്റെ നാമവും ജീവനും അറിയുന്ന പിതാവിന്റെ കുടുംബത്തിൽപെട്ട എല്ലാ ശിഷ്യന്മാരും ലോകത്തിൽനിന്ന് വേർപെട്ട് പിതാവിന്റെ നാമത്തിൽ ഒന്നായിരിക്കുവാനും, ദൈവത്തിൽ ജീവിക്കുന്നതിന് വിശുദ്ധീകരിക്കപ്പെടുവാനും, ദൈവപുത്രന്മാരായിരിക്കുന്നതിലെ മഹത്വം

അനുഭവിച്ചറിഞ്ഞുകൊണ്ട്, തികച്ചും ത്രിയേകദൈവത്തിൽ ഒന്നായിരിക്കുവാനും കർത്താവ് പ്രാർത്ഥിച്ചു. ഈ അദ്ധ്യായം വെളിപ്പെടുത്തുന്നതുപോലെ, ദൈവത്തിന്റെ ജീവനിലും പ്രകൃതിയിലും, വിശുദ്ധീകരണത്തിലും, ത്രിയേകദൈവത്തിന്റെ മഹത്വത്തിലും ആയിരിക്കുന്നതിലൂടെ, നാമെല്ലാവരും ദൈവത്തിന്റെ സംഘാത ആവിഷ്കാരം എന്ന നിലയിൽ ഒന്നായിരിക്കും. ഇങ്ങനെ ദൈവപുത്രനായ കർത്താവിന് നമ്മിലൂടെ വെളിപ്പെടുവാനും മഹത്വപ്പെടുവാനും, ഈ സംഘാതപാത്രത്തിലൂടെ പിതാവിന് പുത്രനിൽ വെളിപ്പെടുവാനും മഹത്വപ്പെടുവാനും കഴിയും. ഇതിനെത്തുടർന്ന് കർത്താവ് എങ്ങനെ ക്രൂശിക്കപ്പെട്ടു, മരണത്തിലേക്കു പോയി, പുനരുത്ഥാനത്തിലൂടെ മരണത്തിൽനിന്ന് പുറത്തുവന്നു എന്നിവ കാണിക്കുന്ന ഒരു വിവരണം ലേഖകൻ നൽകുന്നു. ഈ മുഴുവൻ ചിത്രവും പരിഗണിച്ചാൽ അദ്ധ്യായം 18-ലും 19-ലുമായി കർത്താവിന്റെ മരണം പരാമർശിക്കുന്ന വിവരണത്തിന്റെ ഉദ്ദേശ്യം കാണുവാൻ നമുക്ക് കഴിയും.

“വർദ്ധനവിനായി പ്രക്രിയാവിധേയമായ ജീവൻ”എന്ന ഈ ദൂതിന്റെ തലക്കെട്ട് ഞാൻ ഇഷ്ടപ്പെടുന്നു. പ്രക്രിയാവിധേയം, വർദ്ധനവ് എന്നീ വാക്കുകൾ ഞാൻ പ്രത്യേകിച്ചും ഇഷ്ടപ്പെടുന്നു. വർദ്ധനവിനായി ഒരു പ്രക്രിയയിലൂടെ ജീവൻ കടന്നുപോയി എന്ന് യോഹന്നാൻ 18 മുതൽ 21 വരെ വെളിപ്പെടുത്തുന്നു. ഏക ധാന്യമണി അനേക ധാന്യമണികളായി വർദ്ധിച്ചു(12:24). നിസ്തുലനായ, ഏകജാതനായ ഒരു പുത്രൻ, അനേക പുത്രന്മാരായി വർദ്ധിച്ചു. നിസ്തുലനായ ഏകജാതനായ പുത്രൻ തന്റെ പുനരുത്ഥാനത്തിൽ അനേക സഹോദരന്മാരെ ഉളവാക്കിയെന്നും, ഈ അനേക സഹോദരന്മാരാണ് അവന്റെ വർദ്ധനവെന്നും, അദ്ധ്യായം 20-ലേക്ക് വരുമ്പോൾ നാം കാണും. കർത്താവിന് എങ്ങനെ ഈ വർദ്ധനവ് സാധിച്ചു? മരണപുനരുത്ഥാനങ്ങൾ എന്ന പ്രക്രിയയിലൂടെ കടന്നുപോയതിലൂടെ മാത്രം.

## I. പ്രക്രിയാവിധേയനാകുവാൻ സ്വമേധയായുള്ള ധൈര്യത്തോടെ തന്നെത്താൻ ഏല്പിച്ചുകൊടുക്കുന്നു

പ്രക്രിയാവിധേയനാകുവാൻ സ്വമേധയായുള്ള ധൈര്യത്തോടെ കർത്താവ് തന്നെത്താൻ ഏല്പിച്ചുകൊടുത്തു(18:1-11). മനസ്സോടെ അവൻ മരണത്തിലേക്ക് പോയി എന്നാണ് ഇതിന്റെ അർത്ഥം. അവന്റെ ജീവിതം മനഃപൂർവ്വമായി നമുക്ക് നൽകുമെന്ന് യോഹന്നാൻ 10-ൽ അവൻ നമ്മോട് പറഞ്ഞു. ജീവന്റെ കർത്താവും ജീവനും അവനാണ്. മരിക്കുവാനും പുനരുത്ഥാനം ചെയ്യുവാനുമുള്ള അധികാരം അവനുണ്ട്. അവൻ സ്വമേധയാ മരിക്കുകയും, അതിൽനിന്നു പുറത്തുവരുകയും ചെയ്തു. മരണത്തിന്റെ പ്രശ്നം അവനില്ലാതിരുന്ന

തുകൊണ്ട്, അവന് മരിക്കേണ്ട ആവശ്യമില്ലായിരുന്നു. മരിക്കണമോ വേണ്ടയോ എന്നത് അവന്റെ വിശേഷാധികാരമായിരുന്നു. മരിക്കണമോ മരിക്കാതിരിക്കണമോ എന്ന് ഇച്ഛിക്കുവാൻ അവന് കഴിയുമായിരുന്നു. എന്നിരുന്നാലും, മരണമെന്നത് നമുക്ക് തിരഞ്ഞെടുക്കുവാനുള്ള ഒരു കാര്യമല്ല. മരണം നമ്മെ സന്ദർശിക്കുവാൻ വരുമ്പോൾ, "മരണമേ, ഞാൻ തയ്യാറല്ല, ദയവുചെയ്ത് മറ്റൊരു ദിവസം വരൂ," എന്ന് നമുക്ക് പറയുവാൻ കഴിയുകയില്ല. മരണത്തെ തള്ളിക്കളയുവാനുള്ള ശക്തിയോ അധികാരമോ നമുക്കില്ല. മരണം വരുമ്പോൾ എല്ലാവരെയും അത് കീഴടക്കും. കർത്താവിന് ഇത് അങ്ങനെയായിരുന്നില്ല, കാരണം ജീവന്റെ കർത്താവും ജീവൻതന്നെയും അവനാണ്. മരിക്കുവാൻ അവൻ താല്പര്യപ്പെടുന്നില്ലെങ്കിൽ മരണത്തെ തള്ളിക്കളയുവാനും മരിക്കാതിരിക്കുവാനുമുള്ള ശക്തിയും അധികാരവും അവനുണ്ടായിരുന്നു. മരണത്തെ പുറത്താക്കുവാനുള്ള അധികാരം അവനുണ്ടായിരുന്നു. മരിക്കുവാനായി അവൻ സ്വാധീനിക്കപ്പെടുകയോ നിർബന്ധിക്കപ്പെടുകയോ ചെയ്തില്ലെങ്കിലും, മരിക്കുവാൻ അവൻ മനസ്സുള്ളവനായിരുന്നു. കാരണം, അവനെത്തന്നെ ജീവനായി നമുക്ക് പകർന്നുതരുവാനായിരുന്നു അവൻ വന്നത്. മരണത്തിലൂടെ മാത്രമേ നമുക്ക് ജീവനായി അവനെത്തന്നെ വിടുവിക്കുവാൻ കഴിയുകയുള്ളൂ എന്ന് അവന് അറിയാമായിരുന്നു. വാസ്തവത്തിൽ മണ്ണിൽ വീണുമരിച്ച ഏക ഗോതമ്പുമണി അവനാണെന്ന് മുമ്പേതന്നെ അവൻ പറഞ്ഞിരുന്നു(12:24). ഗോതമ്പുമണിക്ക് മരിക്കുവാൻ താല്പര്യമില്ലെങ്കിൽ അനേക ധാന്യങ്ങൾ ഉളവാക്കുവാൻ അതിന്റെ ജീവൻ വിടുവിക്കുവാൻ അതിന് എങ്ങനെ കഴിയും? കർത്താവായ യേശു മരിക്കുവാൻ സന്നദ്ധനായിരുന്നു എന്ന് യോഹന്നാൻ 18-ലും 19-ലും നാം വ്യക്തമായി കാണുന്നു.

## A. തോട്ടത്തിലേക്ക് പോകുന്നു

മരിക്കുവാൻ അവൻ ഇഷ്ടപ്പെട്ടു എന്നതിന്റെ ആദ്യ തെളിവ് കർത്താവ് തോട്ടത്തിലേക്ക് പോയി എന്നതായിരുന്നു(18:11). പിടിക്കപ്പെടുവാൻ കഴിയുന്ന ഒരിടത്തേക്ക് അവൻ പോയി എന്നാണ് ഇതിന്റെ അർത്ഥം. യോഹന്നാൻ 14 മുതൽ 16 വരെ രേഖപ്പെടുത്തിയിരിക്കുന്ന തന്റെ നീണ്ട ദൂതിൽ അവൻ ഈ പ്രക്രിയ വളരെ വ്യക്തമാക്കിയിട്ടുണ്ട്. പിന്നീട് 17-ാം അദ്ധ്യായത്തിൽ പ്രക്രിയയ്ക്കായി അവൻ പ്രാർത്ഥിച്ചു. പ്രാർത്ഥിച്ചതിനുശേഷം അവൻ തോട്ടത്തിലേക്ക് പോയി. മത്തായി, മർക്കൊസ്, ലൂക്കൊസ് എന്നീ സുവിശേഷങ്ങൾ അനുസരിച്ച് കർത്താവ് പ്രാർത്ഥിക്കുവാനായി തോട്ടത്തിലേക്ക് പോയി. പാപങ്ങൾ ചുമക്കുവാനുള്ള ഭാരത്തിലായിരുന്നു, പാപവാഹകനായിരുന്നു കർത്താവ് എന്ന്, ഈ മൂന്നു സുവിശേഷങ്ങളും വെളിപ്പെടുത്തുന്നു. തന്മൂലം അവൻ പിതാവിങ്കലേക്ക് പോവുകയും പ്രാർത്ഥി

ക്കുകയും ചെയ്യേണ്ടിയിരുന്നു. എന്നാൽ യോഹന്നാന്റെ സുവിശേഷത്തിൽ അത്തരമൊരു രേഖയില്ല. അവൻ തോട്ടത്തിലേക്കു പോയത് പ്രാർത്ഥിക്കുവാനല്ല, അവനെതന്നെ പ്രക്രിയയ്ക്ക് സമർപ്പിക്കുവാനായിരുന്നു എന്ന് യോഹന്നാന്റെ വിവരണം കാണിക്കുന്നു. കീഴടക്കപ്പെടുവാനും ബന്ധിക്കപ്പെടുവാനും മരണത്തിനു സമർപ്പിക്കുവാനുമായിരുന്നു അവൻ അവിടേക്കു പോയത്. സ്വമേധയാ അവനെത്തന്നെ ഏല്പിച്ചുകൊടുത്തുവെന്നാണ് ഇതിന്റെ അർത്ഥം. കർത്താവ് മറഞ്ഞിരുന്നില്ല, പിന്നെയോ, മരണത്തിന് ഏല്പിക്കുന്ന ജനത്തിന് അവനെത്തന്നെ ഏല്പിച്ചുകൊടുത്തുകൊണ്ട് പ്രക്രിയാവിധേയനാകുവാൻ മനസ്സോടെ അവനെത്തന്നെ സമർപ്പിച്ചു.

Tue

## B. വ്യാജശിഷ്യൻ ഒറ്റിക്കൊടുക്കുന്നു

യൂദാ തന്നെ ഒറ്റിക്കൊടുക്കുമെന്ന് കർത്താവ് അറിഞ്ഞിരുന്നു (13:11,21-27). അവൻ അത് ഒഴിവാക്കിയില്ല. ഇതും തെളിയിക്കുന്നത് പ്രക്രിയാവിധേയനാകുവാൻ അവൻ സ്വമേധയാ, തന്നെത്തന്നെ ഏല്പിച്ചുകൊടുത്തു എന്നാണ്. അങ്ങനെ ചെയ്യുന്നതിലൂടെ പ്രക്രിയാവിധേയനാകുവാൻ കർത്താവിന് അവസരം നല്കുകയാണ് എന്നറിയാതെതന്നെ അവനെ മരണത്തിലേക്കയയ്ക്കുവാൻ കർത്താവിന്റെ വ്യാജശിഷ്യനെ സാത്താൻ ഉപയോഗിച്ചു. കർത്താവ് ഇതിനെ, മഹത്വപ്പെടുവാനുള്ള, അതായത്, മരണപുനരുത്ഥാനങ്ങളിലൂടെ വർദ്ധിക്കുവാനുള്ള അവസരമായി കരുതി(13:31-32).

## C. "ഞാൻ ആകുന്നു"എന്നവൻ ബന്ധിക്കപ്പെടുവാൻ ഇഷ്ടപ്പെടുന്നു

ജനം അവനെ കണ്ടുപിടിച്ചില്ല, പിന്നെയോ, അവൻ അവരുടെ അടുത്തേക്ക് വന്നു എന്നത് മരിക്കുവാൻ കർത്താവ് ഇഷ്ടപ്പെട്ടു എന്നതിനുള്ള മറ്റൊരു സൂചന ആയിരുന്നു. വ്യാജശിഷ്യനായ യൂദാ രണ്ടു തരത്തിലുള്ള ആളുകളുമായി-ഭരണപക്ഷത്തുള്ളവരും മതാനുയായികളുമായി- വന്നു. പടയാളികൾ ഭരണപക്ഷത്തുള്ളവരും, പ്രധാന പുരോഹിതന്മാരുടെയും പരീശന്മാരുടെയും പക്ഷത്തുനിന്നു വന്നവർ മതാനുയായികളും ആയിരുന്നു. ജീവന്റെ കർത്താവിനെ കൊല്ലുവാൻ മതപക്ഷത്തുള്ളവർ ഭരണപക്ഷത്തുള്ളവരുമായി ചേർന്നു പ്രവർത്തിച്ചു. എങ്കിലും അവർ കർത്താവിനെ കണ്ടെത്തിയില്ല; കർത്താവ് അവരുടെ അടുത്തേക്ക് വന്നു. അവൻ പ്രാർത്ഥിച്ചുകൊണ്ടിരുന്ന സമയത്ത് പടയാളികൾ കർത്താവിന്റെയടുത്ത് വന്ന് അവനെ പിടിച്ചില്ല. ഇല്ല, യേശു അവരെ കാണുവാനായി മുന്നോട്ടുചെന്ന്,"നിങ്ങൾ ആരെ തിരയുന്നു?"എന്ന് ചോദിച്ചു(18:4)."നസറായനായ യേശുവിനെ"എന്ന് അവർ ഉത്തരം പറഞ്ഞു. പിന്നീട് കർത്താവ് അവരോട് "ഞാൻ ആകുന്നു"(18:5) എന്ന് പറഞ്ഞു. ഈ വാക്കുകൾ കേട്ടപ്പോൾ അവർ

പിൻവാങ്ങി നിലത്തുവീണു(18:6). 'ഞാൻ ആകുന്നു' എന്ന വാക്ക് കേട്ടപ്പോൾ അവർ പരിഭ്രമിച്ചു; അതാണ് "യഹോവ" എന്ന പേരിന്റെ അർത്ഥം. അവർ പിടികൂടുവാൻ വന്നത് യഹോവയായ ദൈവത്തെ ആയിരുന്നു എന്ന് ഇത് സൂചിപ്പിക്കുന്നു. കർത്താവ് ഇതിനെ ഓടിപ്പോകുവാനുള്ള അവസരമായി എടുത്തില്ല, മറിച്ച്, രണ്ടാമതും "നിങ്ങൾ ആരെ തിരയുന്നു, എന്ന് ചോദിച്ചു." അങ്ങനെ അവർ കർത്താവിനെ ബന്ധിക്കുകയല്ലായിരുന്നു; കർത്താവ് അവനെത്തന്നെ അവർക്ക് നൽകുകയായിരുന്നു.

"യഹോവ" എന്ന നാമത്തിന്റെ അർത്ഥം "ഞാൻ ആകുന്നവൻ ഞാൻ ആകുന്നു" എന്നാണ്. കർത്താവായ യേശുവാണ് മഹാനായ ഞാനാകുന്നവൻ. 8:24-ൽ കർത്താവ് യെഹൂദന്മാരോട് പറഞ്ഞു, "ഞാൻ അങ്ങനെയുള്ളവൻ എന്നു വിശ്വസിക്കാഞ്ഞാൽ നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും." മറ്റൊരർത്ഥത്തിൽ, യേശു ദൈവംതന്നെയായ യഹോവ ആയിരുന്നു എന്ന് അവർ വിശ്വസിച്ചില്ലെങ്കിൽ അവർ അവരുടെ പാപത്തിൽ മരിക്കും. യെഹൂദന്മാർ ഇത് കേട്ടിരുന്നു; അവരിത് വീണ്ടും കേട്ടപ്പോൾ നടുക്കത്താൽ നിലത്തുവീണു. "നിങ്ങൾ ആരെ തിരയുന്നു" എന്നു ചോദിച്ചുകൊണ്ട് രണ്ടാമതും കർത്താവ് അവരെ സമീപിച്ചു. അവൻ പിടിക്കപ്പെടുകയായിരുന്നില്ല; മരിക്കുവാനുള്ള അവന്റെ മനസ്സൊരുക്കം തെളിയിച്ചുകൊണ്ട് അവനെത്തന്നെ അവൻ അവർക്ക് ഏല്പിച്ചുകൊടുക്കുകയായിരുന്നു. മരിക്കുവാൻ സന്നദ്ധനായിരുന്നില്ലെങ്കിൽ ഒരാൾക്കും അവനെ പിടികൂടുവാൻ കഴിയുകല്ലായിരുന്നു, കാരണം അവന് എല്ലാവരെയും പരിഭ്രമിപ്പിക്കുവാനും നിലത്തു വീഴ്ത്തുവാനും കഴിഞ്ഞിരുന്നു. അവൻ ഒരു വാക്ക് മാത്രം പറഞ്ഞാൽ മതിയായിരുന്നു. അവനെ ബദ്ധനാക്കുന്നവർ മരിക്കുമായിരുന്നു. പിടിക്കപ്പെടുവാൻ ആഗ്രഹിച്ചിരുന്നില്ലെങ്കിൽ അവർക്ക് എങ്ങനെ അവനെ പിടികൂടുവാൻ കഴിയുമായിരുന്നു? കർത്താവ് ജീവന്റെ കർത്താവാണെന്നും ജീവനായി അവനെത്തന്നെ വിടുവിക്കുവാനായി അവൻ മരിക്കുന്നതിന് ഇഷ്ടപ്പെട്ടിരുന്നുവെന്നും കാണിക്കുകയായിരുന്നു യോഹന്നാന്റെ സുവിശേഷത്തിന്റെ ഉദ്ദേശ്യം എന്ന് ഇത് തെളിയിക്കുന്നു.

## D. അനായാസം ശിഷ്യന്മാരെ കരുതുന്നു

കർത്താവ് തന്നെത്തന്നെ ജനങ്ങൾക്ക് ഏല്പിച്ചുകൊടുത്ത സമയത്ത് അനായാസം അവന്റെ ശിഷ്യന്മാരെ കരുതി. "ഞാൻ ആകുന്നു എന്ന് നിങ്ങളോട് പറഞ്ഞുവല്ലോ; എന്നെ ആകുന്നു തിരയുന്നതെങ്കിൽ ഇവർ പൊയ്ക്കൊള്ളട്ടെ" എന്ന് യോഹന്നാൻ 18:8-ൽ യേശു പറഞ്ഞു. ഇത് 17:12-ൽ പറഞ്ഞ, "നീ എനിക്കു തന്നിരിക്കുന്നവരിൽ ആരും നശിച്ചുപോയിട്ടില്ല" എന്ന കർത്താവിന്റെ വാക്കുകളുടെ നിറ

വേറലായിരുന്നു. തന്റെ വ്യാജശിഷ്യൻ ഒറ്റിക്കൊടുത്തതിലും പടയാളികൾ തന്നെ ബന്ധിച്ചതിലും കഷ്ടം അനുഭവിച്ചപ്പോഴും കർത്താവ് തന്റെ ശിഷ്യന്മാരെ കരുതി എന്ന് ഇവിടെ നാം കാണുന്നു. മരണത്തിന്റെ പ്രക്രിയയിലൂടെ അനായാസം അവൻ കടന്നുപോയി എന്ന് ഇത് വെളിപ്പെടുത്തുന്നു. മരണത്തിന്റെ സാഹചര്യത്തെ അവൻ ഒട്ടുംതന്നെ ഭയപ്പെട്ടിരുന്നില്ല.

## E. യാതൊരു എതിർപ്പുമില്ലാതെ

മഹാപുരോഹിതന്റെ ദാസനായ മല്ക്കൊസിന്റെ വലതു കാത് പത്രൊസ് അറുത്തുകളയുന്ന സംഭവവും മരിക്കുവാനുള്ള അവന്റെ മനസ്സൊരുക്കം തെളിയിക്കുന്നു(18:10-11). വളരെ പരുക്കൻ സ്വഭാവമുള്ള സഹോദരനായ പത്രൊസിന് കർത്താവിന്റെ ഉദ്ദേശ്യം അറിയില്ലായിരുന്നു. കർത്താവിനെ സഹായിക്കുവാൻ അവൻ ഉദ്ദേശിച്ചുവെങ്കിലും, അവൻ കുഴപ്പം ഉണ്ടാക്കിയതേയുള്ളു."വാൾ ഉറയിൽ ഇടുക, പിതാവ് എനിക്കു തന്ന പാനപാത്രം ഞാൻ കുടിക്കേണ്ടതല്ലയോ," എന്ന് കർത്താവായ യേശു അവനോട് പറഞ്ഞു. തന്നെത്തന്നെ ജീവനായി മറ്റുള്ളവർക്ക് നൽകുക എന്ന പിതാവിന്റെ ഉദ്ദേശ്യം നിറവേറ്റുവാനായിരുന്നു അവൻ വന്നത് എന്നതുകൊണ്ട്, വാൾ ഉറയിലിടുവാൻ കർത്താവ് അവനോട് പറഞ്ഞു. കർത്താവ് മനസ്സോടെ പിതാവിൽനിന്ന് പാനപാത്രം സ്വീകരിച്ചു; ഇതിന് അവൻ നിർബന്ധിക്കപ്പെട്ടില്ല. അതുകൊണ്ട് മരിക്കുവാൻ കർത്താവ് നിർബന്ധിതനായിരുന്നില്ല; വളരെ ഫലം ഉളവാക്കുവാൻ തന്റെ ജീവനെ പുറത്തുകൊണ്ടുവരുവാനായി മനസ്സോടെ അവനെത്തന്നെ മരണത്തിന് ഏല്പിച്ചുകൊടുത്തു.

തന്നെ ബന്ധിക്കുന്നതിന് ഒരെതിർപ്പും കർത്താവ് പ്രകടിപ്പിച്ചില്ല എന്ന് 18:10-ലും 11-ലും നാം കാണുന്നു. മരണത്തിന് തന്നെത്തന്നെ ഏല്പിച്ചുകൊടുത്തുകൊണ്ട്, താൻ ജീവനായിരുന്നുവെന്ന് കർത്താവ് തെളിയിച്ചു. മരിക്കാതെ, താൻ ജീവനായിരുന്നുവെന്ന് തെളിയിക്കുവാൻ അവന് എങ്ങനെ കഴിയുമായിരുന്നു? കർത്താവ് മനുഷ്യനായിത്തീർന്നപ്പോൾ താൻ ദൈവമാണെന്ന് അവൻ ആദ്യം തെളിയിച്ചു. ഒന്നാം അദ്ധ്യായം മുതൽ പതിനേഴാം അദ്ധ്യായം വരെ താൻ ദൈവമാണ് എന്ന് തെളിയിച്ചുകൊണ്ട് കർത്താവ് മനുഷ്യരുടെ ഇടയിലുണ്ടായിരുന്നു. ഇപ്പോൾ അദ്ധ്യായം 18-ലും അദ്ധ്യായം 19-ലും താൻ ജീവനാണെന്ന് തെളിയിക്കുവാൻ അവൻ മരണത്തിലേക്ക് പോവുകയായിരുന്നു. കർത്താവ് ജീവനാണെന്ന് നമുക്കെങ്ങനെ അറിയുവാൻ കഴിയും? അത് അവൻ മരണത്തിലേക്ക് പോകുന്നതിനാലും അതിനാൽ കീഴടക്കപ്പെടാതിരുന്നതിനാലും ആണ്. കർത്താവിനെ മരണം ഭയപ്പെടുത്തുകയോ

വിഷമിപ്പിക്കുകയോ നിയന്ത്രിക്കുകയോ ഭരിക്കുകയോ ചെയ്തില്ല. ഈ രണ്ട് അദ്ധ്യായങ്ങൾ നാം വായിക്കുമ്പോൾ, കർത്താവ് മരണത്തിലേക്ക് പോയപ്പോൾ അവൻ അതിനെ ജയിക്കുകയും കീഴടക്കുകയും ചെയ്തു എന്ന് നാം കാണും.

കർത്താവ് മരണത്തെ ജയിക്കുകയും കീഴ്പ്പെടുത്തുകയും ചെയ്തതിന് ധാരാളം തെളിവുകൾ ഈ രണ്ട് അദ്ധ്യായങ്ങളിലുമുണ്ട്. ഒന്നാമത് കർത്താവ് മരണത്തെ ഭയപ്പെട്ടില്ല. ഭരണപക്ഷത്തുള്ളവരും മതാനുയായികളും തന്നെ ബന്ധിക്കുവാനും കൊല്ലുവാനും വരുന്നുവെന്ന് അറിഞ്ഞപ്പോൾ, കർത്താവ് ഭയപ്പെട്ടില്ല. അവരെ സന്ധിക്കുവാനും തന്നെത്താൻ ഏല്പിച്ചുകൊടുക്കുവാനും അവൻ ധൈര്യത്തോടെ പോയി. രണ്ടാമത്, മരണം അവന്റെ അടുത്തേക്ക് വന്നപ്പോൾ കർത്താവ് ശാന്തനായിരുന്നു. മരണം ആസന്നമായപ്പോൾ ബന്ധിക്കുന്നവരോട് തന്റെ ശിഷ്യന്മാരെ പോകാനനുവദിക്കണം എന്ന് പറഞ്ഞുകൊണ്ട് ശിഷ്യന്മാരെ അനായാസം കരുതി. ഒരുകൂട്ടം പോലീസുകാർ നിങ്ങളെ ബന്ധിക്കുവാൻ വരുന്നുവെന്ന് കരുതുക. നിങ്ങൾക്ക് ശാന്തനായിരിക്കുവാൻ കഴിയുമോ? എന്നാൽ ഈ രണ്ട് അദ്ധ്യായങ്ങളിൽ ചിത്രീകരിച്ചിരിക്കുന്ന ഓരോ രംഗത്തിലും കർത്താവ് ശാന്തനായിരുന്നു; അവൻ മരണഭയത്താൽ ഇളകുകയോ സ്വാധീനിക്കപ്പെടുകയോ ചെയ്തില്ല. അതുപോലെ മഹാപുരോഹിതന്റെയും, പീലാത്തൊസിന്റെയും മുമ്പിൽ അവൻ ശാന്തനായിരുന്നു. അവൻ ക്രൂശിക്കപ്പെടുമ്പോൾപോലും വിഷമിക്കാതിരിക്കത്തക്കവണ്ണം അവൻ വളരെ ശാന്തനായിരുന്നു. ക്രൂശിലായിരുന്ന സമയത്ത് അവന് തന്റെ അമ്മയെ കരുതുവാൻപോലും കഴിഞ്ഞു. ആ കഷ്ടാനുഭവ സമയത്ത് അവനിൽ പ്രശ്നങ്ങൾ കുന്നിച്ചുവെങ്കിലും അവൻ എപ്പോഴും ശാന്തനായിരുന്നുവെന്ന് രേഖകൾ വെളിപ്പെടുത്തുന്നു.

മരണത്തെ കീഴ്പ്പെടുത്തുവാനും പിടിച്ചടക്കുവാനും കഴിയുന്ന ജീവനായിരുന്നു കർത്താവിന്റെ ജീവൻ. ക്രൂശ്മരണത്തിലൂടെ അവൻ മരണത്തിലേക്ക് പോവുകയും പുനരുത്ഥാനത്തിലൂടെ അതിൽനിന്ന് പുറത്തുവരുകയും ചെയ്തു. മരണത്തിന് സ്വാധീനിക്കുവാനോ കീഴ്പ്പെടുത്തുവാനോ പിടിച്ചടക്കുവാനോ കഴിയാത്ത ജീവനായിരുന്നു അവനെന്നതിന് ഇതിലും നല്ല തെളിവെന്താണ്? അവൻ പുനരുത്ഥാനജീവൻ ആയതുകൊണ്ട് മരണത്തെ അവൻ കീഴടക്കി(11:25). മരണത്തിലേക്കുപോയപ്പോൾ കർത്താവ് എത്ര ശക്തനും പ്രബലനുമായിരുന്നു എന്ന് യോഹന്നാൻ 18-ഉം 19-ഉം കാണിക്കുന്നു. മരണം ഭീഷണിപ്പെടുത്തുമ്പോൾ അവൻ ശക്തനും പ്രബലനും അതിന്റെ സ്വാധീനത്താൽ അധീനപ്പെടാത്തവനുമായിരുന്നു. അവന് മരണത്തിലേക്ക്

പോകുവാനും അതിനാൽ പരുക്കേൽക്കാതെയും പിടിച്ചുവയ്ക്കപ്പെടാതെയും പുറത്തേക്ക് വരുവാനും കഴിയുമായിരുന്നു. അവൻ ജീവനാണെന്നതിന് എത്ര ശക്തമായ തെളിവ്!

Wed

## II. മനുഷ്യവർഗ്ഗം അവന്റെ ശ്രേഷ്ഠതയിൽ അവനെ പരിശോധിച്ചു

### A. പെസഹാകുഞ്ഞാടിനെ പരിശോധിക്കുന്നപോലെ

പെസഹാകുഞ്ഞാടിനെ പരിശോധിക്കുന്നപോലെ മനുഷ്യവർഗ്ഗം കർത്താവിനെ അവന്റെ ശ്രേഷ്ഠതയിൽ പരിശോധിച്ചു(18:11-19:16). പെസഹാകുഞ്ഞാടായി കർത്താവായ യേശു പെസഹാദിനത്തിൽ ക്രൂശിക്കപ്പെട്ടു. മുൻകുറിയനുസരിച്ച് അറക്കപ്പെടുന്നതിനു മുമ്പ് എന്തെങ്കിലും ഊനം ഉണ്ടോ ഇല്ലയോ എന്നറിയുവാൻ പെസഹാകുഞ്ഞാടിനെ പരിശോധിക്കണമായിരുന്നു. മനുഷ്യവർഗ്ഗത്താൽ കർത്താവ് പരിശോധിക്കപ്പെട്ടതും ഈ മുൻകുറിയുടെ നിറവേറലായിരുന്നു."ഞാൻ അവനിൽ ഒരു കുറ്റവും കാണുന്നില്ല"(18:38;19:4,6) എന്ന് അവനെ പരിശോധിച്ചതിനുശേഷം, പീലാത്തോസ് പ്രസ്താവിച്ചു. ഈ പെസഹാകുഞ്ഞാടിൽ ഒരു ഊനവും ഉണ്ടായിരുന്നില്ല; ദൈവജനത്തിന്റെ കുഞ്ഞാടാകുവാൻ അവൻ തികച്ചും യോഗ്യനായിരുന്നു.

### B. യെഹൂദന്മാരാൽ അവരുടെ മതത്തിലെ ദൈവത്തിന്റെ ന്യായപ്രമാണം അനുസരിച്ച്

#### *1. ഏറ്റവും അടുത്ത ശിഷ്യന്മാരിൽ ഒരാളുടെ നിഷേധത്തിനു മുന്നിൽ*

യെഹൂദന്മാർ, അവരുടെ മതത്തിലെ ദൈവത്തിന്റെ ന്യായപ്രമാണം അനുസരിച്ച് കർത്താവിനെ പരിശോധിച്ചു. വളരെ അരോചകമായ ഒന്നായിരുന്നു ഈ പരിശോധന. ഏറ്റവും അടുത്ത ശിഷ്യന്മാരിൽ ഒരാളുടെ നിഷേധത്തിനു മുന്നിൽപോലും കർത്താവ് ഇത് സഹിച്ചു (18:17-18;25-27) അവൻ പരിശോധിക്കപ്പെട്ടപ്പോൾ പത്രൊസ് മൂന്നു പ്രാവശ്യം അവനെ തള്ളിപ്പറഞ്ഞു. ഇത് സഹിക്കുവാൻ നിങ്ങൾക്ക് കഴിയുമായിരുന്നുവോ? നമുക്കാണിത് സംഭവിച്ചിരുന്നതെങ്കിൽ, നാം തീർച്ചയായും പത്രൊസിനെ കുറ്റപ്പെടുത്തുമായിരുന്നു. എന്നാൽ കർത്താവ് ഒരു വാക്കുപോലും പറഞ്ഞില്ല.

#### *2. വിധിക്കുന്നവൻ വിധിക്കപ്പെടുന്നു*

മഹാപുരോഹിതൻ കർത്താവിനെ പരിശോധിക്കുകയും വിധിക്കുകയും ചെയ്യുന്ന സമയത്ത് കർത്താവ് അവന്റെ ശ്രേഷ്ഠതയിൽ മഹാപുരോഹിതനെ വിധിക്കുകയായിരുന്നു(18:19-21). കർത്താവ് നിർഭയനായിരുന്നു. മഹാപുരോഹിതനോട് ശ്രേഷ്ഠമായ രീതിയിൽ സംസാ

രിക്കുകയും ചെയ്തു. പെസഹകുഞ്ഞാട് പരിശോധിക്കപ്പെട്ടപ്പോൾ, പരിശോധകൻ അവനാൽ പരിശോധിക്കപ്പെടുകയും പരിശോധകന്റെ ഊനതകൾ വെളിപ്പെടുത്തപ്പെടുകയും ചെയ്തു.

## C. ജാതികളാൽ അവരുടെ ഭരണക്രമത്തിലെ മനുഷ്യന്റെ ന്യായപ്രമാണം അനുസരിച്ച്

### *1. ദൈവത്തിന്റെ പരമാധികാരത്തിൻ കീഴിൽ*

റോമാസാമ്രാജ്യത്തിന്റെ നിയമപ്രകാരം ജാതികൾ കർത്താവിനെ പരിശോധിച്ചു (18:28-38). റോമാസാമ്രാജ്യത്തിന്റെ നിയമം പ്രശസ്തമായിരുന്നു. ഇക്കാലത്തും പല രാഷ്ട്രങ്ങളിലും അവരുടെ നിയമാവലിയുടെ അടിസ്ഥാനം ഇതാണ്. ജാതികൾ അവരുടെ നിയമപ്രകാരം കർത്താവിനെ പരിശോധിക്കുന്നതിനു മുമ്പ്, യെഹൂദനിയമപ്രകാരം അവൻ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടു. പിന്നീട് റോമാ ഭരണക്രമത്തിന്റെ ഭൗമിക അധികാരപ്രകാരം അവനെ പരിശോധിച്ചു. മരണശിക്ഷയ്ക്കുള്ള യെഹൂദനിയമം കല്ലെറിഞ്ഞു കൊല്ലണമെന്നായിരുന്നു(18:31, ലേവ്യ.24:16). അത്തരത്തിലുള്ള മരണശിക്ഷ അന്നുണ്ടായിരുന്നുവെങ്കിൽ, കർത്താവായ യേശുവിനെയും കല്ലെറിഞ്ഞുകൊല്ലുമായിരുന്നു. എന്നാൽ അത് മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ അവനെയും ഉയർത്തേണ്ടതാകുന്നു എന്ന കർത്താവിന്റെ പ്രവചനം നിറവേറ്റുകയില്ലായിരുന്നു(3:14).

യെഹൂദന്മാർ പെസഹാദിനത്തിൽ കുഞ്ഞാടിനെ അറക്കുന്നതെങ്ങനെ എന്ന് വിവരിക്കുന്ന ഒരു ലേഖനം കുറേ വർഷം മുമ്പ് ഞാൻ വായിച്ചു. യെഹൂദന്മാർ രണ്ട് തടിക്കഷണങ്ങൾ എടുത്ത് ഒരു ക്രൂശിന്റെ രൂപം ഉണ്ടാക്കി എന്ന് ആ ലേഖനത്തിൽ പറയുന്നു. കുഞ്ഞാടിനെ അവർ ക്രൂശിൽ കിടത്തി, രണ്ടു കാലുകൾ ക്രൂശിന്റെ ചുവട്ടിലും, വലിച്ചുനീട്ടിയ കാലുകൾ കുറുകെയുള്ള തടിയിലും ബന്ധിക്കുമായിരുന്നു. പിന്നീട് രക്തം മുഴുവൻ വാർന്നുപോകത്തക്കവണ്ണം അതിനെ അറക്കുന്നു. അങ്ങനെ പെസഹാകുഞ്ഞാടിനെ കൊല്ലുന്നത് ക്രിസ്തുവിനെ ക്രൂശിക്കുന്നതിന്റെ ഒരു രേഖാചിത്രമായിരുന്നു. യെഹൂദന്മാരുടെ രീതിയിൽ അവരുടെ നിയമമനുസരിച്ച് കുറ്റവാളികളുടെ മരണശിക്ഷ കല്ലെറിഞ്ഞു കൊല്ലണമെന്നായിരുന്നുവെങ്കിലും കർത്താവിന്റെ ക്രൂശീകരണസമയത്ത് യെഹൂദരാഷ്ട്രം അധികാരത്തിലില്ലായിരുന്നു. അതിനാൽ യെഹൂദരാഷ്ട്രത്തിന് കുറ്റവാളികളെ തങ്ങളുടെ നിയമപ്രകാരം വിധിക്കാനുള്ള അധികാരം അവർക്ക് നഷ്ടപ്പെട്ടു. ക്രിസ്തുവിനെ ക്രൂശിക്കുന്നതിന് കുറച്ചുനാൾ മുമ്പ് റോമാഭരണകൂടം കുറ്റവാളികൾക്ക് മരണശിക്ഷ നൽകുവാനുള്ള രീതിയായി ക്രൂശീകരണം തിരഞ്ഞെടുത്തു. ക്രിസ്തുവിന്റെ ക്രൂശീകരണം സംബന്ധിച്ച പ്രവചനങ്ങളുടെ നിറവേറലിനായി ദൈവത്തിന്റെ പരമാധികാരത്തിൻകീഴിൽ ഇത് തീരുമാനിക്കപ്പെട്ടു(വാ.31-32; 12:32-33).

*2. വിധിക്കുന്നവൻ വിധിക്കപ്പെടുന്നു*

പീലാത്തൊസ് കർത്താവിനെ വിധിച്ചപ്പോൾ, കർത്താവ് തന്റെ ഉന്നത പദവിയിൽ പീലാത്തൊസിനെത്തന്നെ വിധിക്കുന്നു(വാ.33-38). റോമാസാമ്രാജ്യത്തിന്റെ ദേശാധിപതി എന്ന നിലയിൽ പീലാത്തൊസ് ഭീരുവായിരുന്നു. ഒരു രാഷ്ട്രതന്ത്രജ്ഞന് മികച്ച ഉദാഹരണമായിരുന്നു അവൻ. എന്താണ് ശരിയെന്നും എന്താണ് തെറ്റെന്നും അവന് അറിയാമായിരുന്നുവെങ്കിലും, എല്ലാ രാഷ്ട്രതന്ത്രജ്ഞരെയുംപോലെ, അവനും ജനത്തെ ഭയപ്പെട്ടു. ഇന്നത്തെ രാഷ്ട്രതന്ത്രജ്ഞരെ സംബന്ധിച്ചും ഇത് ശരിയാണ്. പീലാത്തൊസ് കർത്താവായ യേശുവിൽ ഒരു കുറ്റവും കണ്ടില്ല; കർത്താവ് ഒരു തെറ്റും ചെയ്തിട്ടില്ലായിരുന്നു എന്ന് അവന് അറിയാമായിരുന്നു. എന്നാൽ ജനത്തിന്റെ ശബ്ദം അവനെ കീഴടക്കി; അവൻ സത്യസന്ധനോ കളങ്കമറ്റവനോ വിശ്വസ്തനോ ആയിരുന്നില്ല.

കർത്താവിനെ പീലാത്തൊസിനു മുന്നിൽ കൊണ്ടുവന്നപ്പോൾ വീണ്ടും പീലാത്തൊസ് അവനെ വിധിച്ചുവെന്ന് തോന്നി. എന്നാൽ ഒടുവിൽ അവൻ പീലാത്തൊസിനെ വിധിച്ചു. നാം കണ്ടതുപോലെ, പീലാത്തൊസിന്റെ സ്വഭാവസവിശേഷതകളിലൊന്ന് അവന്റെ ഭീരുത്വമായിരുന്നു; അവൻ യെഹൂദന്മാരെ ഭയപ്പെട്ടിരുന്നു. കർത്താവായ യേശു പാപമില്ലാത്തവനാണെന്ന് അവൻ അറിയുകയും അവനിൽ തെറ്റൊന്നും കാണുവാൻ തനിക്ക് കഴിഞ്ഞില്ലെന്ന് പ്രസ്താവിക്കുകയും ചെയ്തു. എന്നാൽ യെഹൂദന്മാരോടുള്ള ഭയത്താൽ അവൻ കർത്താവിനെ കുറ്റം വിധിക്കുകയും മരണശിക്ഷ കല്പിക്കുകയും ചെയ്തു. ഇത് അന്യായവും അനീതിയും ആയിരുന്നു. താൻ ലോകത്തിലേക്ക്, "സത്യത്തിന് സാക്ഷി നിൽക്കേണ്ടതിന്,"വന്നു എന്നും "സത്യതല്പരനായവൻ എല്ലാം എന്റെ വാക്കു കേൾക്കുന്നു,"എന്നും (18:37) കർത്താവ് പറഞ്ഞപ്പോൾ പീലാത്തൊസ് അവനോട് സത്യം എന്നാൽ എന്ത്?(18:38) എന്നു ചോദിച്ചു. കർത്താവ് പീലാത്തൊസിനെ വിധിച്ചു എന്ന് ഇത് സൂചിപ്പിക്കുന്നു. ഫലത്തിൽ "നീ ഇത്രയും ഉയർന്ന ഭരണാധികാരിയായിട്ടും സത്യം എന്താണെന്ന് നിനക്കറിയില്ല. നീ ഒരു വ്യാജവ്യക്തിയാണ്. നീ സത്യസന്ധനല്ല,"എന്ന് കർത്താവ് പറഞ്ഞു, അതിനുശേഷം പീലാത്തൊസ് തുറന്നുകാട്ടപ്പെടുകയും ലജ്ജിതനാവുകയും ചെയ്ത് കർത്താവിനെ വിധിക്കുന്നത് നിർത്തി. ഇവിടെ നാം രാഷ്ട്രതന്ത്രത്തിന്റെ അന്ധത കാണുന്നു.

## III. മനുഷ്യന്റെ അനീതിയിൽ ശിക്ഷിക്കപ്പെട്ടു

കർത്താവായ യേശു പരിശോധിക്കപ്പെട്ടശേഷം, കുറ്റമറ്റവനായ അവൻ മനുഷ്യന്റെ അനീതിയിൽ ശിക്ഷിക്കപ്പെട്ടു(18:38-19:16). നീതിരഹിതമായ ഈ വിധി മതത്തിന്റെ അന്ധതയെയും ഭരണകൂടത്തിന്റെ അജ്ഞതയെയും തുറന്നുകാട്ടി(18:38-39; 19:1,4-5,8-14,16). മതാനുസാ

രികളായ യെഹൂദന്മാർ ഏറ്റവും നീതിമാനായവനെ നിരസിച്ച് ഒരു കവർച്ചക്കാരനെ തിരഞ്ഞെടുത്തു(18:39-40; 19:6-7, 12,15). എത്ര അന്ധരായിരുന്നു അവർ! തങ്ങളുടെ മതവും വിദ്വേഷവും അവർക്ക് മൂടുപടമായിരുന്നു. വിജാതീയനായ രാഷ്ട്രതന്ത്രജ്ഞനായ പീലാത്തൊസ്, കർത്താവായ യേശുവിൽ ഒരു കുറ്റവുമില്ലെന്ന് അറിയുകയും പ്രസ്താവിക്കുകയും ചെയ്തു. എന്നിട്ടും യെഹൂദന്മാരെ പ്രീതിപ്പെടുത്തുന്നതിന് അവനെ ക്രൂശിക്കുവാൻ വിധിച്ചു (18:38-39, 19:1,4-5,8-14,16). എത്ര നയവിദഗ്ദ്ധനായിരുന്നു അവൻ? നീതിരഹിതമായ ശിക്ഷ ക്രിസ്തുവിന് നൽകുവാൻ മതവും രാഷ്ട്രതന്ത്രവും ഒരുമിച്ച് പ്രവർത്തിച്ചു. രാഷ്ട്രതന്ത്രജ്ഞത അല്ല, ഇരുണ്ട രാഷ്ട്രതന്ത്രജ്ഞതയുടെ ശക്തിയുപയോഗിച്ച് മതമായിരുന്നു മുൻകൈയ്യെടുത്തത്.

## IV. ദൈവത്തിന്റെ പരമാധികാരത്തിൽ മരണത്താൽ പരീക്ഷിക്കപ്പെടുന്നു

### A. ഗൊൽഗൊഥായിൽ ക്രൂശിക്കപ്പെടുന്നു

വർദ്ധനവിനായുള്ള പ്രക്രിയയിൽ കർത്താവായ യേശു മരണത്താൽ ദൈവത്തിന്റെ പരമാധികാരത്തിൽ പരീക്ഷിക്കപ്പെട്ടു (19:17-37). അന്യായമായി കുറ്റം വിധിക്കപ്പെട്ടശേഷം അവൻ ഗൊൽഗൊഥായിൽ, ലത്തീൻ ഭാഷയിൽ തലയോടിടം എന്നർത്ഥം വരുന്ന കാൽവറിയിൽ, ക്രൂശിക്കപ്പെട്ടു(19:17). അവൻ ക്രൂശിക്കപ്പെട്ട സ്ഥലത്തിന്റെ അർത്ഥം അപമാനത്തെയും ലജ്ജയെയും സൂചിപ്പിക്കുന്നു. അപമാനത്തിലും ലജ്ജയിലും അവൻ മരണം അനുഭവിച്ചു.

### B. "അതിക്രമക്കാരോടൊപ്പം എണ്ണപ്പെട്ടു"

ഗൊൽഗൊഥായിൽ "അവർ അവനെയും അവനോടുകൂടെ വേറെ രണ്ട് ആളുകളെയും ഒരുത്തനെ അപ്പുറത്തും ഒരുത്തനെ ഇപ്പുറത്തും യേശുവിനെ നടുവിലുമായി ക്രൂശിച്ചു"(19:18). മശിഹാ"അതിക്രമക്കാരോടുകൂടെ എണ്ണപ്പെടും,"എന്ന യെശയ്യാവ് 53:12-ലെ പ്രവചനത്തിന്റെ നിവൃത്തി ആയിരുന്നു ഇത്. അവനെ അപമാനത്തിന്റെയും ലജ്ജയുടെയും ഇടത്തുവച്ച് കൊന്നു എന്നു മാത്രമല്ല അതിക്രമികളിൽ ഒരുവനോടെന്നപോലെ അവനോട് പെരുമാറിക്കൊണ്ട്, അതിക്രമികളോടുകൂടെ അവൻ എണ്ണപ്പെടുകയും ചെയതു.

### C. എബ്രായമതത്തെയും ലത്തീൻ (റോമൻ) രാഷ്ട്രതന്ത്രജ്ഞതയെയും യവനസംസ്കാരത്തെയും പ്രതിനിധാനം ചെയ്ത മനുഷ്യവർഗ്ഗത്താൽ കൊല്ലപ്പെട്ടു

ദൈവത്തിന്റെ പരമാധികാരപ്രകാരം കർത്താവ് എബ്രായമതത്തെയും, റോമൻ രാഷ്ട്രതന്ത്രജ്ഞതയെയും, യവനസംസ്കാര

ത്തെയും പ്രതിനിധാനം ചെയ്ത മനുഷ്യവർഗ്ഗത്താൽ കൊല്ലപ്പെട്ടു (19:19-22). "പീലാത്തൊസ് ഒരു മേലെഴുത്തും എഴുതി ക്രൂശിന്മേൽ പതിപ്പിച്ചു; അതിൽ **നസറായനായ യേശു, യെഹൂദന്മാരുടെ രാജാവ്** എന്ന് എഴുതിയിരുന്നു" എന്ന് യോഹന്നാൻ 19:19 പറയുന്നു;. ഈ മേലെഴുത്ത് എബ്രായ, റോമ, യവന ഭാഷകളിൽ എഴുതപ്പെട്ടു(19:20). എബ്രായഭാഷ എബ്രായ മതത്തെയും, ലത്തീൻ ഭാഷ റോമാസാമ്രാജ്യത്തെയും, യവനഭാഷ യവനസംസ്കാരത്തെയും പ്രതിനിധാനം ചെയ്തു. ഇവ ഒരുമിച്ചു ചേർക്കുമ്പോൾ, ഇവ മൂന്നും ദൈവത്തിന്റെ കുഞ്ഞാടെന്ന നിലയിൽ കർത്താവായ യേശു, മുഴുവൻ മനുഷ്യവർഗ്ഗത്താലും മുഴുവൻ മനുഷ്യവർഗ്ഗത്തിനുവേണ്ടിയും കൊല്ലപ്പെട്ടതിനെ സൂചിപ്പിച്ചുകൊണ്ട്, മനുഷ്യവർഗ്ഗത്തിലെ മുഴുവൻ ലോകത്തെയും പ്രതിനിധാനം ചെയ്യുന്നു. പീലാത്തൊസിനോട് അവൻ എഴുതിവച്ചത് തിരുത്തുവാൻ യെഹൂദന്മാരുടെ മഹാപുരോഹിതൻ ആവശ്യപ്പെട്ടപ്പോൾ, "ഞാൻ എഴുതിയത് എഴുതി"(വാ.22) എന്ന് അവൻ ഉത്തരം പറഞ്ഞു. പീലാത്തൊസ് എഴുതിയത് സ്വയമായിട്ടല്ലായിരുന്നു; അത് ദൈവത്തിന്റെ പരമാധികാരമുള്ള കരത്തിൻകീഴിൽ ആയിരുന്നു; അതവന് തിരുത്താൻ കഴിഞ്ഞതുമില്ല.

Thu

## D.പടയാളികൾ അവന്റെ വസ്ത്രം പങ്കുവയ്ക്കുന്നു

മതം അന്ധവും ഭരണവ്യവസ്ഥ ഇരുൾ നിറഞ്ഞതും ഭരണാധികാരി ദോഷ്ക് നിറഞ്ഞവനും പടയാളികൾ അത്യാഗ്രഹികളും ആയിരുന്നു. യേശുവിനെ ക്രൂശിച്ചപ്പോൾ അവന്റെ വസ്ത്രമെടുത്ത് അവർ ഓരോ പടയാളിക്കും പങ്കിട്ടു. അവന്റെ അങ്കി തുന്നൽ ഇല്ലാത്തത് ആയിരുന്നതിനാൽ അത് ആർക്ക് ലഭിക്കും എന്ന് അറിയുവാൻ അവർ ചീട്ടിട്ടു(19:23-24). ഇത് പടയാളികളിൽ നിന്നുള്ളതായിരുന്നില്ല, പിന്നെയോ ദൈവത്തിന്റെ പരമാധികാരത്താലുള്ളതായിരുന്നു. ഇത് സംഭവിച്ചത് സങ്കീർത്തനങ്ങൾ 22:18-ലെ പ്രവചനം നിവർത്തിക്കുവാനായിരുന്നു. സങ്കീർത്തനം 22:18-ൽ പ്രവചിക്കപ്പെട്ടതുതന്നെ പടയാളികൾ ചെയ്തു. കർത്താവിന്റെ മരണം പരമാധികാരപ്രകാരം പദ്ധതിയിട്ടത് ആയിരുന്നുവെന്ന് ഇതിനാൽ നാം കാണുന്നു. ദൈവം ഇത് പദ്ധതിയിട്ടിരുന്നില്ലെങ്കിൽ ജീവന്റെ കർത്താവിനെ കൊല്ലുവാൻ ആർക്കും കഴിയുകയില്ലായിരുന്നു. കർത്താവിന്റെ മരണം മനുഷ്യനാലല്ല, ദൈവത്തിന്റെ പരമാധികാരത്താൽ ആയിരുന്നു എന്ന് നിറവേറിയ പ്രവചനങ്ങളെല്ലാം തെളിയിക്കുന്നു.

## E.തന്റെ ശിഷ്യന് തന്റെ ജീവൻ പകർന്നു നൽകിക്കൊണ്ട് തന്റെ അമ്മയെ സംരക്ഷിക്കുന്നു

ക്രൂശിലായിരുന്നപ്പോൾ കർത്താവ് ഏഴു വാക്യങ്ങൾ സംസാരിച്ചുവെന്ന് മിക്ക ക്രിസ്ത്യാനികൾക്കും അറിയാം. ക്രൂശിലെ ഈ ഏഴു

വാക്യങ്ങളും തികച്ചും പ്രശസ്തമാണ്. കർത്താവ് സംസാരിച്ച ആദ്യ വാക്യം,"പിതാവേ, ഇവർ ചെയ്യുന്നത് ഇന്നത് എന്ന് അറിയായ്ക കൊണ്ട് ഇവരോട് ക്ഷമിക്കണമേ"(ലൂക്കൊ.23:34) എന്നതും, രണ്ടാമത്തേത്,"ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും"(ലൂക്കൊ. 23-43) എന്നതും, മൂന്നാമത്തേത് "സ്ത്രീയേ ഇതാ നിന്റെ മകൻ...... ഇതാ നിന്റെ അമ്മ"(യോഹ. 19:26-27) എന്നതും ആയിരുന്നു. കർത്താവിന്റെ ക്രൂശീകരണത്തിന്റെ ആദ്യത്തെ മൂന്നു മണിക്കൂറിനുള്ളിലായിരുന്നു ഈ മൂന്നു വാക്യങ്ങളും സംസാരിച്ചത്. ആറ് മണിക്കൂർ- രാവിലെ 9 മുതൽ വൈകിട്ട് 3 വരെ- കർത്താവ് ക്രൂശിലായിരുന്നു. നാലു സുവിശേഷങ്ങളിൽ ഇത് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. ആദ്യത്തെ മൂന്നു മണിക്കൂറിൽ അവനോട് ചെയ്തതെല്ലാം മനുഷ്യൻ ചെയ്തതായിരുന്നു. ജനം അവനെ പീഡിപ്പിക്കുകയും പരിഹസിക്കുകയും ക്രൂശിക്കുകയും ചെയ്തു. എന്നാൽ അവസാന മൂന്നു മണിക്കൂറിൽ അവനു സംഭവിച്ചതെല്ലാം ദൈവം ചെയ്തതായിരുന്നു. ദൈവം അവനെ പാപിയായും പാപത്തിന് പകരക്കാരനായും കാണുകയും അവനെ വിധിക്കുകയും ചെയ്തു. രണ്ടാമത്തെ മൂന്നുമണിക്കൂറിൽ അവൻ മറ്റു നാലു വാക്യങ്ങൾ സംസാരിച്ചു. മത്തായി 27:4-ൽ കർത്താവായ യേശു പറഞ്ഞു;"എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടത് എന്ത്?" ഇതായിരുന്നു ക്രൂശിൽ നിന്നുള്ള നാലാമത്തെ വാക്യം. അഞ്ചാമത്തെ വാക്യം,"എനിക്കു ദാഹിക്കുന്നു" (19:28)എന്നതും ആറാമത്തെ വാക്യം,"നിവൃത്തിയായി"(19:30) എന്നതും ഏഴാമത്തേത്,"ഞാൻ എന്റെ ആത്മാവിനെ നിന്റെ കൈയിൽ ഏല്പിക്കുന്നു"(ലൂക്കൊ.23:46)എന്നതും ആയിരുന്നു.

യേശു ക്രൂശിക്കപ്പെട്ടുകൊണ്ടിരുന്നപ്പോൾ അവന്റെ അമ്മയും "താൻ സ്നേഹിച്ച ശിഷ്യനും"അടുത്തു നിൽക്കുന്നതുകണ്ട് അമ്മയോട് ഇങ്ങനെ പറഞ്ഞു,"സ്ത്രീയേ, ഇതാ, നിന്റെ മകൻ, പിന്നെ ശിഷ്യനോട് പറഞ്ഞു ഇതാ നിന്റെ അമ്മ. ആ നാഴിക മുതൽ ആ ശിഷ്യൻ അവളെ തന്റെ വീട്ടിൽ കൈക്കൊണ്ടു"(19:26-27). നാം കണ്ടതുപോലെ ക്രൂശിൽ കർത്താവ് ആദ്യം പറഞ്ഞ വാക്കുകൾ,"പിതാവേ, ഇവർ ചെയ്യുന്നത് ഇന്നത് എന്ന് അറിയായ്കകൊണ്ട് ഇവരോട് ക്ഷമിക്കണമേ"എന്നായിരുന്നു. പിന്നീട് ലൂക്കൊസ് 23:43-ൽ കർത്താവ് അവനോടൊപ്പം ക്രൂശിക്കപ്പെട്ട രണ്ടു കള്ളന്മാരിൽ ഒരുവനോട്, "ഇന്നു നീ എന്നോടൊപ്പം പറുദീസയിൽ ഇരിക്കും"എന്ന് പറഞ്ഞു. ഈ വാക്യം രക്ഷയെ സംബന്ധിച്ചതായിരുന്നു, കാരണം കർത്താവ് പാപികളുടെ രക്ഷകനാണെന്ന് ലൂക്കൊസിന്റെ വിവരണം തെളിയിക്കുന്നു."പിതാവേ ഇവരോട് ക്ഷമിക്കണമേ"എന്നത് പാപികൾക്കു വേണ്ടിയുള്ള ഒരു പ്രാർത്ഥനയായിരുന്നു. അതുപോലെ"ഇന്നു നീ എന്നോടൊപ്പം പറുദീസയിൽ ഇരിക്കും"എന്ന വാക്യം രക്ഷിക്കപ്പെട്ട

പാപികൾക്കുള്ള സുവിശേഷ വാഗ്ദാനമാണ്. എന്നാൽ ഇവിടെ 19:26-27-ൽ കർത്താവ് തന്റെ അമ്മയോട്, "ഇതാ നിന്റെ മകൻ"എന്നും ശിഷ്യനോട്,"ഇതാ നിന്റെ അമ്മ"എന്നും പറഞ്ഞു. ഈ വാക്കുകൾ ജീവന്റെ ഐക്യത്തെ സൂചിപ്പിക്കുന്നു. കാരണം തന്റെ വിശ്വാസികളിലേക്ക് പകർന്നു നൽകിയ ജീവനാണ് കർത്താവെന്ന് യോഹന്നാന്റെ സുവിശേഷം സാക്ഷ്യപ്പെടുത്തുന്നു. ഈ ജീവനാലാണ് അവൻ സ്നേഹിച്ച ശിഷ്യന് അവനുമായി ഒന്നാകാൻ കഴിഞ്ഞതും, അവന്റെ അമ്മയുടെ മകനാകുവാൻ കഴിഞ്ഞതും, അവൻ സ്നേഹിച്ച ശിഷ്യന്റെ അമ്മയാകുവാൻ അവൾക്ക് കഴിഞ്ഞതും. യോഹന്നാന്റെ രേഖയനുസരിച്ച് ശിഷ്യന്മാർക്ക് തന്റെ ജീവൻ കൈമാറുന്നതിന്, പകർന്നു നൽകുന്നതിന്, ആയിരുന്നു യേശു ക്രൂശിക്കപ്പെട്ടത്. ജീവന്റെ ഈ പകർച്ചയിലൂടെ അവന്റെ ശിഷ്യന്മാരിൽ ഒരുവന് അവന്റെ അമ്മയുടെ മകനാകുവാനും, അവന്റെ അമ്മയ്ക്ക് ആ ശിഷ്യന്റെ അമ്മയാകുവാനും കഴിഞ്ഞു. ഇത് രക്ഷയെയല്ല ജീവന്റെ പകർച്ചയെയാണ് സൂചിപ്പിക്കുന്നത്. അതുകൊണ്ട്, യോഹന്നാന്റെ സുവിശേഷം രക്ഷയുടെ സുവിശേഷമല്ല, എല്ലാ വിശ്വാസികൾക്കും പകർന്നുനൽകപ്പെട്ട ജീവന്റെ സുവിശേഷമാണ്.

മത്തായി, മർക്കൊസ്, ലൂക്കൊസ് എന്നിവയിൽ കർത്താവ് ക്രൂശിലായിരുന്ന സമയത്ത് സംസാരിച്ചത് ഒരു പാപിയോട്, പ്രത്യേകിച്ച് അവനോടൊപ്പം പറുദീസയിൽ ഇരിക്കുവാൻ ശാപത്തിൽനിന്ന് വീണ്ടെടുക്കപ്പെട്ടവനോട് ആയിരുന്നു എന്നത് ശ്രദ്ധിക്കണം. അത് തീർച്ചയായും വീണ്ടെടുപ്പിനോട് ബന്ധപ്പെട്ടിരിക്കുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ, കർത്താവ് തന്റെ അമ്മയോടും ശിഷ്യനോടും സംസാരിക്കുന്നു. കർത്താവിന്റെ അമ്മയ്ക്ക് അവന്റെ ശിഷ്യന്റെ അമ്മയാകുവാൻ എങ്ങനെ കഴിയും? അവന്റെ ശിഷ്യന് അവന്റെ അമ്മയുടെ മകനാകുവാൻ എങ്ങനെ കഴിയും? വീണ്ടെടുപ്പിലൂടെയോ? തീർച്ചയായും അല്ല. ഇത് ജീവനിലൂടെ, ജീവന്റെ ഐക്യത്തിലൂടെ, ജീവന്റെ ഏകീഭാവത്തിലൂടെ, വീണ്ടുംജനിപ്പിക്കുന്ന ജീവനിലൂടെ മാത്രമേ, കഴിയൂ. ദിവ്യജീവനിലൂടെ കർത്താവുമായി ഏകീഭവിച്ച, ഐക്യത്തിലായ ശിഷ്യനായ യോഹന്നാന്, കർത്താവ് തന്റെ മരണത്തിലൂടെ അവനെത്തന്നെ പകർന്നു നൽകി. അതുകൊണ്ട്, കർത്താവിന്റെ അമ്മ യോഹന്നാന്റെ അമ്മയായി. കർത്താവ് എന്തുകൊണ്ടായിരുന്നു ലൂക്കോസിൽ കള്ളനോട് സംസാരിക്കുകയും യോഹന്നാനിൽ അമ്മയോടും ശിഷ്യനോടും സംസാരിക്കുകയും ചെയ്തത്? എന്തുകൊണ്ടെന്നാൽ ലൂക്കൊസിൽ പാപത്തിന്റെ ശാപത്തിൽനിന്നു പാപികളെ വീണ്ടെടുക്കാൻ കർത്താവ് മരിച്ചു. മോഷ്ടാവിനെപ്പോലെ പാപികളാണ് നാമെന്നുവരികിലും, നമുക്കും ശാപത്തിൽനിന്നു വീണ്ടെടുക്കപ്പെടുവാനും വേഗംതന്നെ കർത്താവിനൊപ്പം പറുദീസ

യിൽ പോകുവാനും കഴിയും. അതുകൊണ്ട് ലൂക്കൊസിൽ പാപികളോട് പ്രസംഗിക്കുവാനുള്ള കർത്താവിന്റെ വീണ്ടെടുക്കുന്ന മരണത്തെ സംബന്ധിച്ച ഒരു സുവിശേഷമുണ്ട്. എന്നാൽ യോഹന്നാനിൽ കർത്താവായ യേശു മരിച്ചത് തന്നെത്തന്നെ ജീവനായി ശിഷ്യന്മാർക്ക് പകർന്നു നൽകുവാനും, അങ്ങനെ എല്ലാ ശിഷ്യന്മാരെയും താനുമായി ഒന്നാക്കുവാനും ആയിരുന്നു. തത്ഫലമായി, എല്ലാ ശിഷ്യന്മാരും അവന്റെ അമ്മയ്ക്കു മക്കളായി. തന്റെ ജീവനാലും തന്റെ മരണത്താലും കർത്താവ് അവനെത്തന്നെ നമുക്ക് പകർന്നുനൽകിക്കൊണ്ട് നമ്മെ അവനുമായി ഒന്നാക്കിത്തീർത്തു. ഇങ്ങനെ നാമെല്ലാവരും അവന്റെ അമ്മയുടെ മക്കളായി. യോഹന്നാന്റെ സുവിശേഷം അനുസരിച്ച് അവന്റെ ക്രൂശ്മരണം അവനെത്തന്നെ ജീവനായി നമുക്ക് പകർന്നുതരുവാനായിരുന്നു എന്ന് ഇത് തെളിയിക്കുന്നു.

## F. പുളിച്ച വീഞ്ഞു നല്കി പരിഹസിച്ചു

"അതിന്റെ ശേഷം സകലവും തികഞ്ഞിരിക്കുന്നു എന്നു യേശു അറിഞ്ഞിട്ടു തിരുവെഴുത്തു നിവൃത്തിയാകും വണ്ണം എനിക്കു ദാഹിക്കുന്നു എന്നു പറഞ്ഞു. അവിടെ പുളിച്ച വീഞ്ഞു നിറഞ്ഞൊരു പാത്രം വച്ചിട്ടുണ്ടായിരുന്നു; അവർ ഒരു സ്പോങ്ങ് പുളിച്ച വീഞ്ഞു നിറച്ച് ഈസോപ്പുതണ്ടിന്മേൽ ആക്കി അവന്റെ വായോട് അടുപ്പിച്ചു,"എന്ന് വാക്യം 28-29 തുടർന്നു പറയുന്നു. മരണത്തിന്റെ രുചിയാണ് ദാഹം (ലൂക്കൊ.16:24;വെളി.21:8). കർത്താവായ യേശു നമുക്കുവേണ്ടി ക്രൂശിൽ അത് അനുഭവിച്ചു(എബ്രാ.2:9). ഇവിടുത്തെ ഈസോപ്പുതണ്ട് മത്തായി 27:29-ലെയും മാർക്കൊസ് 15:19-ലെയും"കോൽ"ആയിരിക്കണം. അവന്റെ ക്രൂശീകരണത്തിന്റെ തുടക്കത്തിൽ വീഞ്ഞിൽ കയ്പും മൂരും കലർത്തി(മത്തായി 27:34; മർക്കൊസ് 15:23) മയക്കുന്ന പാനീയമായി കർത്താവിന് നൽകിയത് അവൻ കുടിച്ചില്ല. എന്നാൽ ക്രൂശീകരണത്തിന്റെ അവസാനം അവനു ദാഹിച്ചപ്പോൾ പരിഹാസ രീതിയിൽ പുളിച്ച വീഞ്ഞ് നൽകി(ലൂക്കൊസ് 23:36). ക്രൂശീകരണത്തിൽ വസ്ത്രം ധരിക്കുവാനും കുടിക്കുവാനുമുള്ള അവന്റെ അവകാശവും അവന്റെ ജീവനൊടൊപ്പം കവർന്നെടുത്തു.

## G. അവന്റെ സകലവും ഉൾകൊള്ളുന്ന മരണത്തിന്റെ വേല അവസാനിച്ചു

"യേശു പുളിച്ച വീഞ്ഞു കുടിച്ചശേഷം: നിവൃത്തിയായി എന്നു പറഞ്ഞു തല ചായ്ച്ച് ആത്മാവിനെ ഏല്പിച്ചുകൊടുത്തു,"എന്ന് വാക്യം 30 പറയുന്നു. ക്രൂശിലേറ്റുന്നതുവരെ കുഞ്ഞാട് പ്രവർത്തിച്ചു (5:17). എന്നാൽ അവന്റെ ക്രൂശീകരണത്തിൽപോലും കർത്താവ് പ്രവർത്തിക്കുകയായിരുന്നു. ക്രൂശിലും അവൻ പ്രവർത്തിക്കുകയായിരുന്നു എന്നു നമുക്കെങ്ങനെ അറിയാം? കാരണം മരിക്കുന്നതിനു

മുമ്പ് 'നിവൃത്തിയായി'എന്ന് അവൻ പറഞ്ഞു. ക്രൂശീകരിക്കപ്പെടുന്ന സമയത്തും പാപികളുടെ വീണ്ടെടുപ്പിനും സർപ്പത്തിന്റെ വിനാശത്തിനും ദിവ്യജീവന്റെ വിടുതലിനും ദൈവത്തിന്റെ അനാദിനിർണയത്തിന്റെ പൂർത്തീകരണത്തിനുംവേണ്ടി അവൻ പ്രവർത്തിക്കുകയായിരുന്നു. അവസാന നിമിഷത്തിൽ എല്ലാകാര്യവും പൂർത്തിയായതിനുശേഷം, അവൻ മുഴുവൻ ലോകത്തോടും 'നിവൃത്തിയായി' എന്ന് പ്രഖ്യാപിച്ചു. പിന്നീട് അവൻ മരിച്ച് സ്വസ്ഥതയിലേക്ക് പ്രവേശിച്ചു. കർത്താവായ യേശുവിന് സ്തോത്രം! അവനു മാത്രമേ ഇത് ചെയ്യുവാൻ കഴിയൂ. ക്രൂശീകരണത്തിലൂടെ അവന്റെ സകലവും ഉൾക്കൊള്ളുന്ന മരണത്തിന്റെ വേല തീർത്ത് വീണ്ടെടുപ്പ് നിർവ്വഹിക്കുകയും പഴയ സൃഷ്ടിയെ അവസാനിപ്പിക്കുകയും, ദൈവത്തിന്റെ ഉദ്ദേശ്യം നിറവേറ്റുവാനായി പുതിയ സൃഷ്ടിയെ ഉളവാക്കുവാൻ അവന്റെ പുനരുത്ഥാനജീവൻ വിടുവിക്കുകയും ചെയ്തു. മരണത്തിന്റെ പ്രക്രിയയിൽ അവൻ പെരുമാറിയ രീതിയിലൂടെ താൻ ജീവനാണെന്ന് എതിരാളികൾക്കും വിശ്വാസികൾക്കും അവൻ തെളിയിച്ചുകൊടുത്തു. മരണത്തിന്റെ ഭയാനകമായ സാഹചര്യം അവനെ തെല്ലും ഭയപ്പെടുത്തിയില്ല. പിന്നെയോ അവൻ മരണത്തിന് എതിരായ ജീവൻ, ഒരുതരത്തിലും മരണത്തിന് ബാധിക്കാനാവാത്ത ജീവൻ, ആയിരുന്നുവെന്ന് ശക്തിയായി തെളിയിക്കുന്ന ഒരു താരതമ്യം നൽകി.